# പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VIII
## (സാമ്പത്തിക കാര്യങ്ങൾ)

## 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നത്

2015 ജൂലൈ 7-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2015

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)

**2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നത്

698/2015.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ, എം.എൽ.എ.
ശ്രീ. കോവൂർ കുഞ്ഞുമോൻ, ,,
ശ്രീ. മുല്ലക്കര രത്നാകരൻ, ,,
പ്രൊഫ. സി. രവീന്ദ്രനാഥ്, ,,
ശ്രീ. വി. ഡി. സതീശൻ, ,,
ഡോ. ടി. എം. തോമസ് ഐസക്, ,,
ശ്രീ. പി. ഉബൈദുള്ള, ,,
ശ്രീ. എം. പി. വിൻസെന്റ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി
ശ്രീ. സന്തോഷ്, വി., ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി ജ്യോതി, എൽ., അണ്ടർ സെക്രട്ടറി.

## അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ 'ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)' 9-6-2014-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും സമിതിക്ക് നാളിതുവരെ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 2-7-2015-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് ഭാഗങ്ങളിലായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ഭാഗം 2-ൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ചും ഉൾപ്പെടുത്തിയിരിക്കുന്നു.

2015 ജൂലൈ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2015 ജൂലൈ 2.

# റിപ്പോർട്ട്

ഭാഗം I

## 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

## ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായനികുതിയും വിൽപ്പന നികുതിയും

ശിപാർശ (ഖണ്ഡിക 12)

2040-00-800-98-36—കച്ചവടക്കാരുടെ ക്ഷേമ പദ്ധതി—സഹായധനം—ശമ്പളേതരം

വ്യാപാരി ക്ഷേമ ബോർഡിൽ 60 വയസ്സ് കഴിഞ്ഞതും തുടർച്ചയായി 10 വർഷം പുതുക്കിയിട്ടുള്ളതും കച്ചവട ലൈസൻസ് ഉള്ളവർക്കും അവരുടെ മെമ്പർഷിപ്പ് ക്ലാസിനനുസരിച്ച് പെൻഷൻ നൽകി വരുന്നു. 1-4-2013-ൽ സി, ഡി ക്ലാസുകളിൽ യഥാക്രമം 100 രൂപ, 250 രൂപ വർദ്ധനവ് പെൻഷനിൽ വരുത്തിയത് 2014-15 കാലയളവിൽ നൽകേണ്ടി വരുന്നതിനാൽ 700 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

5 കോടി രൂപ 2014-15 അവസാന ബാച്ച് എസ്.ഡി.ജി.-യിൽ അനുവദിച്ച് നൽകി.

(സർക്കാർ കത്ത് നമ്പർ 3868/ഡി3/15/ടി.ഡി. തീയതി 18-4-2015)

ശിപാർശ (ഖണ്ഡിക 13)

2045-00-103-99-01—സംഭരണ ചെലവുകൾ—ഇലക്ട്രിസിറ്റി ഡ്യൂട്ടി—ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്—ശമ്പളം

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ക്ഷാമബത്ത വർദ്ധിപ്പിച്ച സാഹചര്യത്തിൽ ശമ്പളയിനത്തിൽ അധികം ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ക്ഷാമബത്ത വർദ്ധിപ്പിച്ച സാഹചര്യത്തിൽ ശമ്പള ഇനത്തിൽ അധികം ചെലവ് പ്രതീക്ഷിക്കുന്ന തുക 2015-16 വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2014-15 മുതൽ ഇക്കാര്യത്തിന് അധിക തുക ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 7515/എ 3/2014/ഊ.വ. തീയതി 30-3-2015)

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

### ശിപാർശ (ഖണ്ഡിക 14)

### 2030-03-001-99—രജിസ്ട്രേഷൻ—നടത്തിപ്പും ഭരണവും—ഭരണം

### 21 (1)—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ഷൻ ജനറലിന്റെയും തൃശ്ശൂർ ഡി.ഐ.ജി.യുടെയും കണ്ടം ചെയ്ത വാഹനങ്ങൾക്കുപകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 16 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലെയും തൃശ്ശൂർ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫീസിലെയും കണ്ടം ചെയ്ത വാഹനങ്ങൾക്ക് പകരമായി, 2015-16 സാമ്പത്തിക വർഷം പുതിയ വാഹനം വാങ്ങുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നിർദ്ദേശം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### ശിപാർശ (ഖണ്ഡിക 15)

### 34—മറ്റ് ചെലവുകൾ

രജിസ്ട്രേഷൻ വകുപ്പിന്റെ 150-ാം വാർഷികം ആഘോഷിക്കുന്നതോടൊപ്പം സെമിനാറുകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതിനായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

രജിസ്ട്രേഷൻ വകുപ്പിന്റെ 150-ാം വാർഷികാഘോഷങ്ങൾ സംഘടിപ്പിക്കുന്നതിനായി 18 ലക്ഷം രൂപയുടെ പദ്ധതികൾക്ക് 26-3-2015-ലെ സ.ഉ. (സാധാ.) 206/2015/നി.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. 2014-15 വർഷത്തിലെ ചെലവുകൾക്കായി 12-3-2015-ലെ സ.ഉ. (സാധാ.) 2074/2015/ധന. നമ്പർ ഉത്തരവ് പ്രകാരം 6 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. സർക്കാരിന്റെ മോശമായ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുക പൂർണ്ണമായും അനുവദിക്കാൻ കഴിഞ്ഞില്ല.

### ശിപാർശ (ഖണ്ഡിക 16)

### 2030-03-001-96—ജില്ലാ ഓഫീസുകൾ—06—വാടക, കരം, നികുതി

എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട മൂന്ന് രജിസ്ട്രാർ ഓഫീസുകൾ കൊച്ചി മെട്രോ റെയിൽ നിർമ്മാണത്തിനായി ഒഴിയേണ്ടിവരുന്നതിനാൽ പുതിയ വാടക കെട്ടിടങ്ങളുടെ വാടക കൊടുക്കുന്നതിലേക്ക് അധികം തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 12 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എറണാകുളം ജില്ലയിലെ 3 സബ്‌രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടത്തിലേക്ക് മാറ്റിയ സാഹചര്യത്തിൽ പ്രസ്തുത കെട്ടിടങ്ങളുടെ വാടക നൽകുന്നതിനായി 5-12-2014-ലെ സ.ഉ. (സാധാ.) 9171/14/ധന. നമ്പർ ഉത്തരവ് പ്രകാരം 8 (എട്ട്) ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 17)

2030-03-001-95-05-3—സബ്‌രജിസ്ട്രി ഓഫീസുകൾ—ഓഫീസ് ചെലവുകൾ—ടെലിഫോൺ ചെലവ്

സബ്‌രജിസ്ട്രാർ ഓഫീസുകളിലെ ടെലിഫോൺ ചാർജ്ജിനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 3 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

5-12-2014-ലെ സ.ഉ. (സാധാ.) 9171/14/ധന. നമ്പർ ഉത്തരവ് പ്രകാരം 3,50,000 (മൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 18)

2030-03-001-95-05-4—കമ്പ്യൂട്ടർവൽകൃത റിപ്പോർട്ടിംഗ് സിസ്റ്റം ഏർപ്പെടുത്തൽ—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

കേരളത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നുള്ള കമ്പ്യൂട്ടർ മുഖാന്തിരമുള്ള സേവനങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ ആയതിലേക്കാവശ്യമായ കമ്പ്യൂട്ടർ കൺസ്യൂമബിൾസ് വാങ്ങുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ അധികമായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ ചെലവുകൾ ക്രമപ്പെടുത്തിക്കഴിഞ്ഞാൽ, ചെലവ് 2015-16 വർഷത്തേക്ക് മാറ്റിവയ്ക്കാവുന്നതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിനെ അറിയിക്കുകയുണ്ടായി. ആയതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 19)

2030-03-001-90—രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

എറണാകുളം ജില്ലയിലെ കുത്താട്ടുകുളം കേന്ദ്രമാക്കി രജിസ്ട്രേഷൻ വകുപ്പിന് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുത്താട്ടുകളത്ത് രജിസ്ട്രേഷൻ ട്രെയിനിംഗ് സെന്റർ നിർമ്മിക്കാനുള്ള പ്രോജക്റ്റിന് 29-12-2014-ലെ സ.ഉ. (സാധാ.) 1036/2014/നി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുവാൻ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. 2015-16 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഈ ആവശ്യത്തിനായി 2 (രണ്ട്) കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 20)

2030-01-102-99—മുദ്രപ്പത്ര വില്പനച്ചെലവുകൾ

മുദ്രപ്പത്രങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് അനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

28-3-2015-ലെ സ.ഉ. (സാധാ.) 2891/2015/ധന. നമ്പർ ഉത്തരവ് പ്രകാരം 10 (പത്ത്) ലക്ഷം രൂപ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 17458/ഇ 3/2014/നി.വ. തീയതി 22-6-2015)

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

ശിപാർശ (ഖണ്ഡിക 21)

2039-00-001-95—മദ്യാസക്തിക്കെതിരായ പ്രചരണം

സമൂഹത്തിൽ മദ്യാസക്തി വളരെയധികം കൂടിവരുന്ന ഈ സാഹചര്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യം സമിതി മനസ്സിലാക്കുന്നു. കേരളീയ സമൂഹത്തിലെ വർദ്ധിച്ചുവരുന്ന കടുത്ത മദ്യാസക്തിയും അതിന്റെ സാമൂഹിക പ്രത്യാഘാതങ്ങളും കണക്കിലെടുത്തുകൊണ്ട്, ലഹരിവിരുദ്ധ ക്ലബ്ബുകൾ, കെ.എസ്.ആർ.ടി.സി. ബസുകളിലെ ലഹരിവിരുദ്ധ പരസ്യങ്ങൾ, റെയിൽവേ-ബസ് സ്റ്റേഷനുകളിലെ ലഹരിവിരുദ്ധ സന്ദേശങ്ങൾ, അനൗൺസ്മെന്റുകൾ, വിവിധ മാധ്യമങ്ങൾ മുഖേനയുള്ള ഇത്തരം പരസ്യങ്ങൾ, ലഹരിവിരുദ്ധ പ്രചാരണത്തിനായി ടെലിഫിലിമുകൾ, കുടുംബശ്രീ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എൻ.എസ്.എസ്. മുതലായ ഏജൻസികൾ മുഖേനയുള്ള പ്രചരണം, ഓരോ ജില്ലകൾക്കും പ്രവർത്തന ഫണ്ടുകൾ, കോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി പ്രത്യേക ജില്ലാതല പ്രവർത്തന ഫണ്ടുകൾ, അട്ടപ്പാടി, വയനാട് മേഖലകളിലെ ബോധവൽക്കരണവുമായി ബന്ധപ്പെട്ട പ്രത്യേക പ്രവർത്തന ഫണ്ടുകൾ, സർക്കാർ ഓഫീസുകൾ മുതലായ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനായുള്ള ബോധവൽക്കരണ സ്റ്റിക്കറുകൾ, മറ്റിനങ്ങൾ തുടങ്ങിയ സമഗ്രമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുവാൻ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമഗ്രമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുവാൻ 10,21,99,000 രൂപ അധികമായി അനുവദിക്കണമെന്ന് 20-9-2014-ലെ എ.പി.സി. 29908/13 കത്ത് പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്തിരുന്നെങ്കിലും സർക്കാർ അനുമതി ലഭിച്ചില്ല.

ശിപാർശ (ഖണ്ഡിക 22)

2039-00-001-99-15—മേൽനോട്ടം—രഹസ്യ സേവന ചെലവുകൾ

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി രഹസ്യാന്വേഷണം നടത്തുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനും വളരെയധികം ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി രഹസ്യാന്വേഷണം നടത്തുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനും 18 ലക്ഷം രൂപ അധികമായി അധിക ധനാനുമതിവഴി അനുവദിക്കണമെന്ന് 21-10-2014-ലെ എക്സ്.എഫ്.ബി.1 15495/14 കത്ത് പ്രകാരം അപേക്ഷിച്ചിരുന്നുവെങ്കിലും സർക്കാരിൽ നിന്നും അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 3910/എഫ്3/15/നി.വ. തീയതി 22-4-2015)

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

ശിപാർശ (ഖണ്ഡിക 23)

2054-00-098-99-04(1)—ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്—യാത്രാചെലവുകൾ—യാത്രാബത്ത

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ യാത്രാബത്തയിനത്തിലെ ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. 14 ജില്ലാ കാര്യാലയങ്ങളിലും മറ്റു പല ഓഡിറ്റ് ഓഫീസുകളിലും 2013-14-ലെ കുടിശ്ശിക നൽകാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15-ലെ ബഡ്ജറ്റ് വിഹിതമായ 1,43,00,000 രൂപയിൽ ചെലവ് 1,42,84,946 രൂപയായതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

ശിപാർശ (ഖണ്ഡിക 24)

2054-00-098-99-45—ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്—പി.ഒ.എൽ.

ജില്ലാ കാര്യാലയങ്ങളിലേക്കായി 14 പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പി.ഒ.എൽ. ഇനത്തിൽ 5,00,000 രൂപ വകയിരുത്തിയതിൽ 4,40,959 രൂപ മാത്രം ചെലവഴിച്ചതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 74516/എസ്റ്റാ.ഡി2/14/ധന. തീയതി 6-5-2015)

ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

ശിപാർശ (ഖണ്ഡിക 25)

2047-00-103-99-01-(1)—ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറുടെ ഓഫീസ്—ശമ്പളം

ദേശീയ സമ്പാദ്യ പദ്ധതിയിൽ ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് പ്രസ്തുത ശീർഷകത്തിൽ 16.68 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രതീക്ഷിച്ച രീതിയിൽ ക്ഷാമബത്തയിൽ വർദ്ധനവ് ഉണ്ടാകാത്തതിനാൽ ആകെ 113.25 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ. അതിനാൽ അധിക തുക വകയിരുത്തേണ്ടിവന്നില്ല.

ശിപാർശ (ഖണ്ഡിക 26)

2047-00-103-99-02—വേതനം

ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ്, ദിവസവേതന ജീവനക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നിവമൂലമുണ്ടാകുന്ന അധികചെലവിനായി 42,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ലാത്തതിനാൽ അധിക തുക വകയിരുത്തേണ്ടിവന്നില്ല.

### ശിപാർശ (ഖണ്ഡിക 27)

### 2047-00-103-99-04-4—യാത്രാചെലവുകൾ—അവധി യാത്രാനുകൂല്യം

അവധി യാത്രാനുകൂല്യം നൽകുന്നതിന് ബജറ്റിൽ ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 85,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

അവധി യാത്രാനുകൂല്യത്തിന് അപേക്ഷകളൊന്നും തന്നെ ലഭിക്കാത്തതിനാൽ അധിക തുക വകയിരുത്തേണ്ട ആവശ്യം വന്നില്ല.

### ശിപാർശ (ഖണ്ഡിക 28)

### 2047-00-103-99-05—ഓഫീസ് ചെലവുകൾ

ഡയറക്ടറേറ്റിലേയും 14 ജില്ലാ ഓഫീസുകളിലേയും വെള്ളം, വൈദ്യുതി, ടെലിഫോൺ, കമ്പ്യൂട്ടർ, സ്റ്റേഷനറി, മറ്റു ചെലവുകൾ എന്നിവയ്ക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 1.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ 1.06 ലക്ഷം രൂപ ധനപുനർവിനിയോഗംവഴി വകയിരുത്തിയിരുന്നു.

### ശിപാർശ (ഖണ്ഡിക 29)

### 2047-00-103-99-06—വാടക, കരം, നികുതി

ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറേറ്റിന്റെ വാടക പുതുക്കി നിശ്ചയിക്കണമെന്ന് തിരുവനന്തപുരം കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2014-15-ലെ ബജറ്റ് വിഹിതത്തിൽ നിന്നും 4.98 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ലാത്തതിനാൽ അധിക തുക വകയിരുത്തിയിട്ടില്ല.

### ശിപാർശ (ഖണ്ഡിക 30)

### 2047-00-103-99-08—പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രധാന പ്രചരണ ഉപാധിയായ വാലറ്റ് ഡയറി പുറത്തിറക്കുന്നതിനായി അധിക തുക ആവശ്യമാണ്. ആയതിനാൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ വാലറ്റ് ഡയറി പുറത്തിറക്കിയിരുന്നില്ല. അതിനാൽ 13.85 ലക്ഷം രൂപ മാത്രമാണ് ഈ ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ലാത്തതിനാൽ അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ (ഖണ്ഡിക 31)

2047-00-103-99-21—മോട്ടോർ വാഹനങ്ങൾ

ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറേറ്റിലെ 2 വാഹനങ്ങൾ കണ്ടംചെയ്തെങ്കിലും ഒരു വാഹനം മാത്രമേ പുതുതായി വാങ്ങിയിട്ടുള്ളൂ. ആയതിനാൽ ഒരു പുതിയ വാഹനം കൂടി വാങ്ങുന്നതിനായി 10.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ കേവലം 2.95 ലക്ഷം രൂപ മാത്രമാണ് 2014-15 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിരുന്നത്. അതിനാൽ അധിക തുക വകയിരുത്തേണ്ട ആവശ്യം ഇല്ല.

ശിപാർശ (ഖണ്ഡിക 32)

2047-00-103-99-34—മറ്റ് ചെലവുകൾ

നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ ക്ഷേമനിധിയിൽ സർക്കാർ വിഹിതം നൽകുന്നതിന് ഇപ്പോൾ ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 10 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം ബജറ്റിൽ ഉൾക്കൊള്ളിച്ച തുകയിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞതിനാൽ അധിക തുക വകയിരുത്തേണ്ടിവന്നില്ല.

ശിപാർശ (ഖണ്ഡിക 33)

2047-00-103-99-99—വിവരസാങ്കേതികവിദ്യ

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഡയറക്ടറേറ്റും ജില്ലാ ആഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 9.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ 1,32,000 രൂപ അധിക ധനാനുമതിവഴി വകയിരുത്തിയിരുന്നു. എന്നാൽ 25,000 രൂപ മാത്രമാണ് ഈ ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്.

ശിപാർശ (ഖണ്ഡിക 34)

2047-00-103-98-01—കളക്ടറാഫീസ്—ശമ്പളം

കളക്ടറേറ്റിൽ ക്ഷാമബത്തയിൽ വർദ്ധനവുണ്ടാകുന്നതിനാൽ 01—ശമ്പളം ഇനത്തിൽ 9.01 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രതീക്ഷിച്ച രീതിയിൽ ക്ഷാമബത്തയിൽ വർദ്ധനവ് ഉണ്ടാകാത്തതിനാൽ ആകെ 50.76 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ. അതിനാൽ അധിക തുക വകയിരുത്തേണ്ടിവന്നില്ല.

ശിപാർശ (ഖണ്ഡിക 35)

2047-00-103-98-04(4)—യാത്രാചെലവുകൾ—അവധി യാത്രാനുകൂല്യം

അവധി യാത്രാനുകൂല്യം നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അവധി യാത്രാനുകൂല്യത്തിന് അപേക്ഷകളൊന്നും തന്നെ ലഭിക്കാത്തതിനാൽ അധിക തുക വകയിരുത്തേണ്ടിവന്നില്ല.

ശിപാർശ (ഖണ്ഡിക 36)

2047-00-103-96-01-02-04—ജില്ലാ ആഫീസുകൾ—ശമ്പളം—വേതനം-യാത്രാ ചെലവുകൾ

ജില്ലാ ആഫീസുകളിൽ ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് കൊടുത്തുതീർക്കുന്നതിനായി 01—ശമ്പളയിനത്തിൽ 34.81 ലക്ഷം രൂപയും താൽക്കാലിക ജീവനക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവും പാർട്ട്-ടൈം ജീവനക്കാരുടെ ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവുംമൂലമുണ്ടാകുന്ന ചെലവിന് 85,000 രൂപ 02—വേതനം ഇനത്തിലും അവധി യാത്രാനുകൂല്യം നൽകുന്നതിന് 04—യാത്രാചെലവുകൾ ഇനത്തിൽ 5.5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2047-00-103-96-01—2014-15 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിനു കീഴിൽ 80,000 രൂപ അധിക ധനാനുമതി വഴിയും 2.98 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയും മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി വകയിരുത്തിയിരുന്നു. എന്നാൽ പ്രതീക്ഷിച്ച രീതിയിൽ ക്ഷാമബത്തയിൽ വർദ്ധനവ് ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ അധിക തുക വകയിരുത്തേണ്ടിവന്നില്ല.

2047-00-103-96-02—വേതനം

ബജറ്റ് വിഹിതത്തിനു പുറമെ 1.20 ലക്ഷം രൂപ ധനപുനർവിനിയോഗംവഴി വകയിരുത്തിയിരുന്നു.

2047-00-103-96-04—യാത്രാചെലവുകൾ

യാത്രാചെലവുകൾ എന്ന ഇനത്തിലെ ആവശ്യകത പരിശോധിച്ച് ബജറ്റ് വിഹിതത്തിനു പുറമെ 30,000 രൂപ ധനപുനർവിനിയോഗംവഴി വകയിരുത്തിയിരുന്നു.

ശിപാർശ (ഖണ്ഡിക 37)

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് പ്രതിഫലം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്നും 10/2013 മുതലുള്ള തുക കുടിശ്ശികയായുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 4400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിനു പ്രതിഫലം നൽകുന്നതിനായി 49.3438 കോടി ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധിക ധനാനുമതിവഴി വകയിരുത്തിയിരുന്നു. ഈ തുക ഉപയോഗിച്ച് 2014 സെപ്റ്റംബർ മാസം വരെയുള്ള ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ കുടിശ്ശിക നല്കിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 38)

2047-00-103-86—ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്ക് ഭവന പദ്ധതി

2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് ഭവന വായ്പ നൽകാൻ 50 ലക്ഷം രൂപ നീക്കിവയ്ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും കഴിഞ്ഞ ബഡ്ജറ്റിൽ ഈ ഇനത്തിൽ ഒരു ശീർഷകം അനുവദിക്കുകയോ തുക വകയിരുത്തുകയോ ചെയ്തിരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഭവന വായ്പയ്ക്കായി അപേക്ഷിച്ചിട്ടുള്ള 472 ഏജന്റുമാർക്ക് സബ്സിഡി നൽകുന്നതിനായി 472 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കായി നടപ്പിലാക്കുന്ന ഭവന പദ്ധതിക്കായി 2047-00-103-86 എന്ന ഒരു ശീർഷകം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള സബ്സിഡിക്ക് അർഹരായ ഏജന്റുമാരുടെ ലിസ്റ്റ് അംഗീകരിച്ചിട്ടില്ലാത്തതിനാൽ 2015-16 സാമ്പത്തിക വർഷത്തിൽ അധിക തുക വകയിരുത്തിയിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 63610/ഭരണം സി1/2015/ധന. തീയതി 28-5-2015)

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

ശിപാർശ (ഖണ്ഡിക 39)

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

നിലവിലുള്ള ഹജ്ജ് ഹൗസിനോട് അനുബന്ധിച്ച് വനിതാ തീർത്ഥാടകർക്ക് പ്രാഥമിക സൗകര്യങ്ങൾക്കും വിശ്രമത്തിനുമായി ടോയ്‌ലെറ്റുകളും ഡോർമെറ്ററിയും പണിയുന്നതിന് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം വനിതാ തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതിനായി 5 കോടി രൂപയിൽ കവിയാത്ത പ്രൊപ്പോസൽ അയച്ചുതരാൻ ഹജ്ജ് കമ്മിറ്റിയോട് ആവശ്യപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 5 കോടിയുടെ പ്രൊപ്പോസൽ അയച്ചുതരികയുണ്ടായി. 2013-14-ലെ ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ച ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകുവാൻ ധനകാര്യ വകുപ്പ് അനുമതി നൽകുകയുണ്ടായി. തുടർന്ന് 9-1-2015-ലെ ജി.ഒ.(ആർറ്റി.) 43/2015/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഒരു കോടി രൂപയുള്ള ഭരണാനുമതി നൽകുയുണ്ടായി. 5 കോടി രൂപ അനുവദിക്കുന്നതിനായി വീണ്ടും ധനകാര്യ വകുപ്പിലേക്ക് ഫയൽ അയച്ചിരുന്നുവെങ്കിലും നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് അധിക ധനസഹായമായി രണ്ട് കോടി രൂപ കൂടി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 67007/എഫ്3/2014/ആഭ്യന്തരം തീയതി 1-7-2015)

ശിപാർശ (ഖണ്ഡിക 40)

2075-00-103-98—സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെ കമ്മീഷൻ

2013 സെപ്റ്റംബറിനുശേഷം ലോട്ടറി വിറ്റുവരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായും വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവ് ഉണ്ടാകുമെന്നും സമിതി മനസ്സിലാക്കുന്നു. 5500 കോടി രൂപ വിറ്റുവരവ് പ്രതീക്ഷിക്കുന്ന 2014-15-ൽ ഈ ഇനത്തിൽ ഏകദേശം 1815 കോടി രൂപ പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 615 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2075-00-103-98 സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെ കമ്മീഷൻ എന്ന ശീർഷകത്തിൽ ഫൈനൽ ബാച്ച് SDG-യിൽ 585 കോടി രൂപ അധികമായി അനുവദിച്ചു.

ശിപാർശ (ഖണ്ഡിക 41)

2075-00-103-97—സമ്മാന ദാനം

മുൻവർഷങ്ങളിലെ വിറ്റുവരവിനേക്കാൾ കൂടുതൽ ഈ വർഷം പ്രതീക്ഷിക്കുന്നതിനാലും അതിന് ആനുപാതികമായി ചെലവിൽ വർദ്ധനവുണ്ടാകുമെന്നതിനാലും ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ 840 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2075-00-103-97 സമ്മാനദാനം എന്ന ശീർഷകത്തിൽ ഫൈനൽ ബാച്ച് SDG-യിൽ 810 കോടി രൂപ അധികമായി അനുവദിച്ചു.

ശിപാർശ (ഖണ്ഡിക 42)

2075-00-103-95—കാരുണ്യ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടൽ

കാരുണ്യ ചികിത്സാ സഹായ ഫണ്ടിലേക്ക് ലഭിക്കുന്ന അപേക്ഷകരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നതിനാലും നടപ്പുവർഷം ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാലും 325 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2075-00-103-98 കാരുണ്യ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽ കൂട്ടൽ എന്ന ശീർഷകത്തിൽ ഫൈനൽ ബാച്ച് SDG-യിൽ 50 കോടി രൂപ അധികമായി അനുവദിച്ചു.

ശിപാർശ (ഖണ്ഡിക 43)

2075-00-103-94-02—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്—വേതനം

നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ജോലി നോക്കുന്നവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10.81 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2075-00-103-94—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് 02-വേജസ് എന്ന ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം SDG-യിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 6 ലക്ഷം രൂപയും റീ അപ്രോപ്രിയേഷൻ മുഖേന 3 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ച 6 ലക്ഷം രൂപ റഗുലറൈസ് ചെയ്തിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 44)</u>

2075-00-103-94-05—<u>ഓഫീസ് ചെലവുകൾ</u>

ഓഫീസ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6.16 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷം SDG-യിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 45)</u>

2075-00-103-94-34—<u>മറ്റ് ചെലവുകൾ</u>

2014-15-ലെ ബഡ്ജറ്റ് പരാമർശമനുസരിച്ച് 11 പുതിയ താലൂക്ക് ഓഫീസുകൾ ആരംഭിക്കുന്നതിനും ഭാഗ്യക്കുറി വകുപ്പിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനീകരിക്കുന്നതിനുമായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷം SDG-യിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 46)</u>

2075-00-103-93—<u>ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ</u>

02—<u>വേതനം</u>

വിവിധ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ജോലി ചെയ്യുന്ന 150-ഓളം ദിവസ വേതനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിലേക്കായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2075-00-103-93—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ 02-വേജസ് എന്ന ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം SDG-യിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 90 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക റഗുലറൈസ് ചെയ്തിട്ടില്ല.

ശിപാർശ (ഖണ്ഡിക 47)

2075-00-103-92-06—സംസ്ഥാന ഭാഗ്യക്കുറിയുടെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം—വാടക, കരം, നികുതി

കഴിഞ്ഞ സാമ്പത്തിക വർഷം 35 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവായതിന് ആനുപാതികമായി ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം SDG-യിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

ശിപാർശ (ഖണ്ഡിക 48)

2075-00-103-91—താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ

പുതുതായി ആരംഭിച്ചിട്ടുള്ള 3 താലൂക്ക് ഓഫീസുകളും ബഡ്ജറ്റ് പരാമർശത്തിലുൾപ്പെട്ട പുതിയ 11 താലൂക്ക് ഭാഗ്യക്കുറി ഓഫീസുകളുടെയും പ്രവർത്തന ചെലവിലേക്കായി 01-ശമ്പളം, 02-വേതനം, 04-യാത്രാചെലവുകൾ, 05-ഓഫീസ് ചെലവുകൾ, 06-വാടക, കരം, നികുതി എന്നീ ശീർഷകങ്ങളിലായി ആകെ 2.32 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം SDG-യിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 6976/എച്ച്1/2015/നി.വ. തീയതി 17-4-2015)

ശിപാർശ (ഖണ്ഡിക 50)

2075-00-800-53—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കൽ

കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക മുഴുവൻ ഉപയോഗിക്കുകയും പുതിയ സാമ്പത്തിക വർഷം ചെലവ് വർദ്ധിക്കാൻ സാധ്യതയുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും അധികമായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം അനുവദിച്ച 3.5 കോടി രൂപയിൽ 2,90,56,788 രൂപ മാത്രമാണ് ആവശ്യമായി വന്നത്. മിച്ചം വന്ന 59,43,212 രൂപ (അൻപത്തി ഒൻപത് ലക്ഷത്തി നാൽപത്തിമൂവായിരത്തി ഇരുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) സറണ്ടർ ചെയ്യുകയാണുണ്ടായത്.

ശിപാർശ (ഖണ്ഡിക 51)

2075-00-800-54—സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്ത തുക

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ അധികമായി 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ 2075-00-800-54 എന്ന ശീർഷകത്തിൽ വകയിരുത്തിയ 20,00,00,000 രൂപയ്ക്ക് (ഇരുപത് കോടി രൂപ മാത്രം) പുറമേ അധിക വകയിരുത്തലിലൂടെ മുന്ന് പ്രാവശ്യമായി 10,17,40,000 രൂപ (പത്ത് കോടി പതിനേഴ് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) ധനകാര്യ വകുപ്പ് അനുവദിച്ചതുന്നു. ടി തുക മുഴുവൻ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി. ശേഷിക്കുന്ന പ്രൊപ്പോസലുകളിൽ 2015-16 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്ന് അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 50888/സി3/2014/റവ. തീയതി 26-5-2015)

ശിപാർശ (ഖണ്ഡിക 53)

2075-00-795-98—ഈടാക്കാൻ കഴിയാത്ത ഭവനവായ്പ എഴുതിത്തള്ളൽ—വീട്ടുവായ്പ എഴുതിത്തള്ളൽ

2013-14 സാമ്പത്തിക വർഷം അനുവദിച്ചതിൽ കൂടുതൽ തുക ഇതിനകം ചെലവായിട്ടുള്ളതിനാൽ ബഡ്ജറ്റിൽ ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

10 ലക്ഷം രൂപ അധികമായി ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 63610/എച്ച്ബിഎ 2/14/ധന. തീയതി 4-4-2015)

ശിപാർശ (ഖണ്ഡിക 54)

2075-00-795-93—ചികിത്സയ്ക്ക് നൽകുന്ന പലിശരഹിത വായ്പ എഴുതിത്തള്ളൽ

നടപ്പുസാമ്പത്തിക വർഷത്തെ ചെലവ് ബജറ്റിൽ വകയിരുത്തിയ തുകയെക്കാൾ വളരെയധികമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം ചികിത്സയ്ക്ക് നൽകുന്ന പലിശരഹിത വായ്പ എഴുതിത്തള്ളുന്നതിനായി 7 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ ആവശ്യകത അനുസരിച്ച് 98,000 രൂപ അധിക ധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിരുന്നു. ഇതിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 63610/എൽ2/14/ധന. തീയതി 10-4-2015)

## ധനാഭ്യർത്ഥന നമ്പർ XLV—പലവക വായ്പകളും മുൻകൂറുകളും

ശിപാർശ (ഖണ്ഡിക 55)

7610-00-203-98—ഭവനനിർമ്മാണ വായ്പകൾ—സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥർ

2013-14 സാമ്പത്തിക വർഷത്തെ രണ്ടായിരത്തിലധികം പരിഗണിക്കാനുള്ള ഭവന വായ്പ അപേക്ഷകളും 2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വായ്പാ അപേക്ഷകളും ഒന്നിച്ച് പരിഗണിക്കേണ്ടിവരുന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 150 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ വിഭവ ലഭ്യതയുടെ പരിമിതിമൂലം അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 63610/എച്ച്ബിഎ 2/14/ധന. തീയതി 4-4-2015)

ശിപാർശ (ഖണ്ഡിക 56)

7610-00-203-99—മറ്റ് വാഹനങ്ങൾ വാങ്ങുന്നതിനുള്ള മുൻകൂറുകൾ—ജനറൽ

2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ നിരസിച്ച അപേക്ഷകളും 2014-15-ൽ പ്രതീക്ഷിക്കുന്ന അപേക്ഷകളും ഒന്നിച്ച് ടി സാമ്പത്തിക വർഷം പരിഗണിക്കേണ്ടിവരുന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് വാഹനങ്ങൾ വാങ്ങുന്നതിനുള്ള മുൻകൂറുകൾക്കായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായി. 2013-14-ലെ തുക അപര്യാപ്തമായതിനാൽ നിരസിച്ച അപേക്ഷകൾ പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള വകുപ്പ് മേധാവികളുടെ അഭ്യർത്ഥനകളൊന്നും ഈ വർഷം ലഭിച്ചിരുന്നില്ല. കൂടാതെ 2014-15-ൽ വളരെ കുറച്ച് അപേക്ഷകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയതിനാൽ 1,34,000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

(സർക്കാർ കത്ത് നമ്പർ 63610/എൽ2/14/ധന. തീയതി 10-4-2015)

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ശിപാർശ (ഖണ്ഡിക 57)

2235-60-110-99—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്

05-02—ഓഫീസ് ചെലവുകൾ—വൈദ്യുതി ചെലവ്

സെൻട്രലൈസ്ഡ് പെയ്മെന്റും താരിഫ് ചാർജിലുള്ള വർദ്ധനയുംമൂലമുണ്ടാകുന്ന അധികബാധ്യത കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 4.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 ബഡ്ജറ്റ് വിഹിതമായ 9,60,000 രൂപയ്ക്ക് പുറമെ ധനപുനർവിനിയോഗം മുഖേന 40,000 രൂപ അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ ആകെ 9,93,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 58)

2235-60-110-98-05-4—ജില്ലാ ഓഫീസുകൾ—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വാണിജ്യ സ്വഭാവമുള്ള വകുപ്പായതിനാൽ സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ചാർജ് ഈടാക്കുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ 1.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 ബഡ്ജറ്റ് വിഹിതമായ 3,34,000 രൂപയ്ക്ക് പുറമെ ധനപുനർവിനിയോഗം മുഖേന 1,90,000 രൂപ അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ ആകെ 5,18,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 59)

2235-60-110-98-06—വാടക, കരം, നികുതി

പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളവയുടെ നിരക്കുകളിലുള്ള വർദ്ധനവുമൂലം ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപയും ഹൗസിംഗ് ബോർഡ് ബിൽഡിംഗിൽ ഇൻഷ്വറൻസ് വകുപ്പിന്റെ ആസ്ഥാന കാര്യാലയം പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടകക്കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 47.41 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 ബഡ്ജറ്റ് വിഹിതമായ 32,00,000 രൂപയ്ക്ക് പുറമെ ധനപുനർവിനിയോഗം മുഖേന 10,40,000 രൂപ അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ ആകെ 39,93,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 60)

2235-60-110-99—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

ആസ്ഥാന കാര്യാലയത്തിലെ പഴയ വാഹനം മാറ്റുന്നതിനും ജില്ലാ ഓഫീസുകളിൽ വാഹന സൗകര്യം ലഭ്യമാക്കുന്നതിനുമായി 80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാങ്കേതിക കാരണങ്ങളാൽ ഭരണാനുമതി നല്കാൻ സാധിക്കാത്തതിനാൽ തുക അനുവദിക്കേണ്ടതായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 74516/എസ്റ്റാ.ഡി2/14/ധന. തീയതി 6-5-2015)

ഭാഗം 2

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ഖണ്ഡികകൾ**

| ക്രമനമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | നികുതി | 1-11 |
| 2 | റവന്യൂ | 49 |
| 3 | കായിക യുവജനകാര്യം | 52 |

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2015 ജൂലൈ 2.